(ഡി) ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, ഗ്രേഡ് റോഡ്, ചെർപ്പുളശ്ശേരി - ഓട്ടുപാലം റോഡ്, കോങ്കോഡിശ്ശി - വാണിയംകുളം റോഡ്, വാണിയംകുളം - വല്ലപ്പുഴ റോഡ്, പെങ്ങാട്ടിരി-കൊപ്പം റോഡ് എന്നീ പൊതുമരാമത്ത് റോഡുകളിലൂടെയുള്ള കാൽനട പോലും വളരെയധികം ബുദ്ധിമുട്ടാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, പെങ്ങാട്ടിരി - കൊപ്പം റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് നിയോജക മണ്ഡല അടിസ്ഥാനത്തിൽ പെടുത്തിയതിന്റെ കാരണം എന്തൊന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ, തകർന്ന റോഡുകൾ വിവിധ പദ്ധതിയേതര പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ് ആകെ കി.മീ. 0/000 മുതൽ 17/049 വരെയാണ്. അതിൽ തകർന്ന ഭാഗം (കി.മീ.0/000 മുതൽ 8/000 വരെ) ബി.എം.& ബി.സി. പ്രവൃത്തി ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന കി.മീ. 8/000 മുതൽ 17/049 വരെയുള്ള ഭാഗത്ത് പുനരുദ്ധരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെങ്ങാട്ടിരി-കൊപ്പം റോഡ് ആകെ കി.മീ. 0/000 മുതൽ 10/600 വരെയാണ്. അതിൽ തകർന്ന ഭാഗം (കി.മീ. 0/000 മുതൽ 7/400 വരെ) റബ്ബറൈസ്ഡ് ഹെങ്ങർ ഉപയോഗിച്ച് ബി.എം.& ബി.സി. പ്രവൃത്തി പൂർത്തിയാക്കിവരുന്നു.

പൊന്നുമരാമത്ത് വകുപ്പിൽ മീഡിയ അഡൈ്വസർ

376 (1461) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ മീഡിയ അഡൈ്വസർ എന്ന തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികയിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമിച്ചിട്ടുണ്ടെങ്കിൽ നിയമനത്തിന്റെ മാനദണ്ഡം എന്താണെന്നും ശമ്പള ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

377 (1462) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ബജനാവിൽ നിന്നും പിൻവലിച്ച തുകയെത്ര;

(സി) പൊതുമരാമത്ത് വകുപ്പിൽ കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലെ പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

കോരപ്പുഴയിൽ ഉള്ളൂർ കടവിൽ പാലം

378 (1463) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി-കൊയിലാണ്ടി അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് കോരപ്പുഴയിൽ ഉള്ളൂർ കടവിൽ പാലം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 4 വർഷത്തിനകം പ്രസ്തുത പാലം നിർമ്മാണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രവൃത്തി നടപ്പിലാക്കുന്നതിലെ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ ഭരണാനുമതി നൽകിയെങ്കിലും ആവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചില്ല. അതിനാൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം കുറയ്ക്കത്തക്ക വിധത്തിൽ പാലത്തിന്റെ ഡിസൈനിൽ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly